# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

01.12.2015 ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 524

## ജില്ലാ സഹകരണ ബാങ്കുകളിലെ ബ്രാഞ്ച് മാനേജർ തസ്തികയിലേയ്ക്കുള്ള നിയമനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റ്റി.വി. രാജേഷ് | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളിലെ ബ്രാഞ്ച് മാനേജർ തസ്തികയിലേയ്ക്കുള്ള നിയമനം പി.എസ്.സി ക്ക് വിട്ടതെപ്പോഴാണ് ; | (എ) സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളിലെ ബ്രാഞ്ച് മാനേജർ തസ്തിക ഉൾപ്പെടെ നേരിട്ട് നിയമനം നടത്തേണ്ട തസ്തികകളിലെ നിയമനം പി.എസ്.സി. യ്ക്ക് വിട്ടത് 25.04.1995 ലാണ്. |
| (ബി) ഈ തസ്തികയിലേയ്ക്ക് ഇതുവരെ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വിശദാംശം നൽകുമോ; | (ബി) 3:1 എന്ന അനുപാതത്തിൽ ഉദ്യോഗക്കയറ്റം മുഖേനയും നേരിട്ടും നിയമനം നടത്തേണ്ട ഈ തസ്തികയിലേയ്ക്ക് ഇതുവരെ 166 ഒഴിവുകൾ പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു. |

| **ജില്ലാ സഹകരണ ബാങ്കുകൾ** | **റിപ്പോർട്ട് ചെയ്ത ഒഴിവുകൾ** |
|---|---|
| തിരുവനന്തപുരം | 18 |
| കൊല്ലം | 14 |
| പത്തനംതിട്ട | 15 |
| ആലപ്പുഴ | 10 |
| കോട്ടയം | 16 |
| ഇടുക്കി | 11 |
| എറണാകുളം | 11 |
| തൃശ്ശൂർ | 13 |
| പാലക്കാട് | 10 |
| മലപ്പുറം | 5 |

| | |
|---|---|
| കോഴിക്കോട് | 13 |
| വയനാട് | 8 |
| കണ്ണൂർ | 11 |
| കാസറഗോഡ് | 11 |
| **ആകെ** | **166** |

(സി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിനുള്ള തടസ്സമെന്താണ്;

(സി) ജില്ലാ സഹകരണ ബാങ്ക് ബ്രാഞ്ച് മാനേജർ തസ്തികയുമായി ബന്ധപ്പെട്ട് ഏതാനും ഉദ്യോഗാർത്ഥികൾ ബഹു. സുപ്രീം കോടതിയിൽ SLP(C) No. 31237/13, 31956-31957/13, 37265/13, 38067-38072/13 നമ്പരുകളിലായി അന്യായം ഫയൽ ചെയ്തിട്ടുണ്ട്. ടി SLP കളിലുള്ള ഇടക്കാല ഉത്തരവിൽ ടി തസ്തികയുടെ 31 ഒഴിവുകൾ മാറ്റിവയ്ക്കുവാൻ ബഹു. സുപ്രീം കോടതി ഉത്തരവായിട്ടുണ്ട്. ജില്ലാ സഹകരണ ബാങ്ക് ബ്രാഞ്ച് മാനേജർ തസ്തികയുടെ നിയമനം ജില്ലാതലത്തിൽ നടത്തുന്നവയാണ്. ബഹു. സുപ്രീം കോടതിയുടെ ഇടക്കാല ഉത്തരവിൽ ഏതൊക്കെ ജില്ലകളിലെ ഒഴിവുകളാണ് മാറ്റി വയ്ക്കേണ്ടത് എന്നത് സംബന്ധിച്ച അവ്യക്തത നിലനിൽക്കുന്നതിനാൽ പരിഷ്കരിച്ച ഉത്തരവിനായി ബഹു.സുപ്രീംകോടതി കോർട്ട് ഓഫ് രജിസ്ട്രിയിൽ പി.എസ്.സി. യുടെ അഭിഭാഷകൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) ഒഴിവുള്ള തസ്തികകളിൽ അടിയന്തിരമായി നിയമനം നൽകുന്നതിനും പരമാവധി ഉദ്യോഗാർത്ഥികൾക്ക് ജോലി ലഭ്യമാക്കുന്നതിനും വേണ്ട നടപടി സ്വീകരിക്കുമോ?

(ഡി) ഒഴിവുകൾ അടിയന്തിരമായി പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്യിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ